ഉത്തരം

(എ) ഇക്കാര്യം റെയിൽവേ മന്ത്രാലയത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2016-17 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു അഡീഷണൽ എ.സി. കോച്ചും സെക്കന്റ് സ്ലീപ്പർ കോച്ചും ഒരു ജനറൽ കമ്പാർട്ടുമെന്റും കൂടി അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ടെയിൻ സർവ്വീസ്

109 (494) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിൽ നിന്നും ആരംഭിച്ച് പളനി, മധുര, എന്നീ ക്ഷേത്ര നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് രാമേശ്വരത്തേക്ക് ടെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ബി) തമിഴ്നാട്ടിൽ നിന്നും ഗുരുവായൂർ അമ്പല ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്കും, കേരളത്തിൽ നിന്നും പളനി, മധുര, രാമേശ്വരം എന്നീ ക്ഷേത്ര ദർശനത്തിനായി പോയിക്കൊണ്ടിരിക്കുന്ന ഭക്തർക്കും വലിയ തോതിൽ യാത്രാ സൗകര്യം ലഭ്യമാകും എന്നതു കണക്കിലെടുത്ത് ഈ ടെയിൻ സർവ്വീസ് അനുവദിച്ചു കിട്ടുന്നതിന് റെയിൽവേയുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ ആവശ്യങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

കേരളത്തിന്റെ റെയിൽവേ വികസനം

110 (495) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൃത്യമായ നിരീക്ഷണം നടത്തുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഏതൊക്കെ സജീവമായ നിർദ്ദേശങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(സി) ഇവ ഫലപ്രദമായി നേടിയെടുക്കുന്നതിന് കുറച്ചുകൂടി മെച്ചപ്പെട്ട ഔദ്യോഗിക സംവിധാനം രൂപീകരിക്കുന്നതിന് തയ്യാറാകുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ?

GPM. 2/237/2020-26

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കേണ്ട റെയിൽവേ പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നുമില്ല. എന്നാൽ കേരളത്തിലെ എം.പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവെ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാ വർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവെ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്.

(ബി) കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17-ലെ റെയിൽവെ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടന്നുവരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ് മാറ്റം, അങ്കമാലി-ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17 ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം, അങ്കമാലി-ശബരി റെയിൽപ്പാത, നിലമ്പൂർ-നഞ്ചൻകോട് പാത, കണ്ണൂർ അന്താരാഷ്ട്ര വിമനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാന സൗകര്യ വികസനം, ആട്ടോമാറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ടെയിനുകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളും മുഖ്യമായും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണെന്നതിനാൽ നിലവിലുള്ള സംവിധാനം ഒരു പരിധിവരെ പര്യാപ്തമാണ്. എന്നാൽ റെയിൽവേ പദ്ധതികൾക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് ഒരു സംയുക്ത സംരംഭത്തിന് 27-1-2016-ൽ ധാരണാപത്രം ഒപ്പിടുകയുണ്ടായി.